അടിയന്തരപ്രമേയം

## എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച കരാർ

മി. സ്പീക്കർ : സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് കരാർ ഉണ്ടാക്കാതിരിക്കുകയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് അസോസിയേഷന്റെ കീഴിൽ വരുന്നതുൾപ്പെടെയുള്ള 12 മാനേജ്മെന്റുകൾ എല്ലാ സീറ്റുകളിലേക്കും വൻകോഴ വാങ്ങി വിദ്യാർത്ഥി പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയും എൻട്രൻസ് കമ്മീഷണറേയും മെഡിക്കൽ കോളേജുകളേയും ഒഴിവാക്കിക്കൊണ്ട് മെരിറ്റ് സീറ്റുകളിലേയ്ക്കുള്ള ഓപ്ഷൻ സ്വീകരിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റ്റി. വി. രാജേഷ്, വി.എസ്. സുനിൽകുമാർ, സികെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ശരിയല്ല. ഈ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഗവൺമെന്റ് 3 പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ ഏകദേശം ധാരണകൾ ഉണ്ടായി

ട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ലഭ്യമാകുമെന്ന് തന്നെയാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. അഡ്മിഷൻ ക്ലോസ് ചെയ്യുന്ന സെപ്റ്റംബർ 30 വരെ സമയമുണ്ട്. ഫസ്റ്റ് കൗൺസിലിംഗാണ് ജൂൺ 25-ന് വച്ചിട്ടുള്ളത്. സംസ്ഥാനത്തെ 7 ഗവൺമെന്റ് മെഡിക്കൽ കോളേജുക ളിലേക്കും 4 ക്രിസ്റ്റ്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിലേക്കു മുള്ള കൗൺസിലിംഗാണ് ആദ്യം വച്ചിരിക്കുന്നത്. കുട്ടികൾ സ്വാഭാവിക മായും ഗവൺമെന്റ് കോളേജുകളിൽ പഠിക്കുന്നതിനായിരിക്കും ആഗ്രഹം പ്രകടിപ്പിക്കുന്നത്. സെപ്റ്റംബർ 30 വരെ ഇതിനുള്ള അവസരമുണ്ട്. അതിനി ടയിൽ ഈ പ്രശ്നത്തിന് ചർച്ചനടത്തി പരിഹാരം കാണുന്നതാണ്. ഇതു വരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 3 ചർച്ചകൾ നടത്തി യിട്ടുണ്ട്. സീറ്റ് നൽകില്ലെന്നുള്ള കാര്യം സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരിനോട് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇവിടെ പറഞ്ഞിട്ടുള്ള ആരോ പണങ്ങൾ ശരിയല്ല.

<u>ശ്രീ. റ്റി.വി. രാജേഷ് :</u> സർ, ഇവിടെ ബഹുമാന്യനായ മന്ത്രി വളരെ ലാഘവത്തോടെയാണ് സംസാരിച്ചത്. സ്വാശ്രയ മെഡിക്കൽ കോളേജുകളു മായി ധാരണയുണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞത്. എവിടെയാണ് ധാരണ ഉണ്ടാ യിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിലേ ക്കുള്ള ഈ വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ ഈ മാസം 17-ാം തീയതി ആരംഭിച്ചിരിക്കുകയാണ്. നിലവിൽ ഗവൺമെന്റ് മെഡിക്കൽ കോളേ ജിനും പരിയാരം മെഡിക്കൽ കോളേജിനും പുറമേ കത്തോലിക്ക മാനേ ജ്മെന്റിന് കീഴിലുള്ള 4 കോളേജുകൾ മാത്രമേ ഈ അലോട്ട്മെന്റ് പ്രക്രിയ

യിൽ വരുന്നുള്ളു. ബാക്കി 12 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളേയും ഈ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ ധാരണയുണ്ടെങ്കിൽ എന്തിനാണ് ഒഴിവാക്കിയിരിക്കുന്നത്. കഴിഞ്ഞ തവണ സർക്കാരുമായി ധാരണ ഉണ്ടാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്താനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഉയർന്ന റാങ്കുകാരായ, പ്രവേശനം കാത്തുനിൽക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് പൂർണ്ണമായും അവസരം നിഷേധിക്കുന്ന അവസ്ഥ വരാൻ പോവുകയാണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവേശനത്തിൽ ഒരുകാലത്തും ഇല്ലാത്ത അരാചകത്വമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ ഭാഗമായി 675 മെരിറ്റ് സീറ്റുകൾ ഒന്നിച്ച് നഷ്ടമാകുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ഇതുമൂലം ഉയർന്ന റാങ്കുകാരായ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-ന് പഠിക്കാനുള്ള അവസരമാണ് നട്ഷമാകുന്നത്. നാളിതുവരെ തുടരുന്ന സ്ഥിതി വച്ചാണെങ്കിൽ 675 മെരിറ്റ് സീറ്റുകളിൽ 95 സീറ്റുകൾ ബി.പി.എൽ. കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതാണ്. ഇത്തവണ 95 സീറ്റുകൾ ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികൾക്ക് നഷ്ടപ്പെടുകയാണ്. മാത്രമല്ല, Socially Economically Backward (SEBC) ആയിട്ടുള്ള കുട്ടികൾക്ക്, എൻട്രൻസ് കമ്മീഷണർ നൽകുന്ന SEBC Status അനുസരിച്ച് 175 സീറ്റുകളിലേക്കാണ് അഡ്മിഷൻ നടത്തേണ്ടത്. ഈഴവ വിഭാഗത്തിന് 15 സീറ്റും മുസ്ലീം വിഭാഗത്തിന് 16 സീറ്റും മറ്റ് പിന്നോക്ക ഹിന്ദു

വിഭാഗത്തിൽപ്പെടുന്നവർക്ക് 8 സീറ്റും ലത്തീൻ കത്തോലിക്ക വിഭാഗ ത്തിൽപ്പെടുന്നവർക്ക് 4 സീറ്റും മറ്റ് പിന്നോക്ക ക്രിസ്ത്യൻ കുടുംബത്തിലുള്ള വർക്ക് 2 സീറ്റും കുടുംബി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് 2 സീറ്റും നഷ്ടമാകും. ഇങ്ങനെ പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സീറ്റുകളാണ് സർക്കാരിന്റെ വഴിവിട്ട മാനേജ്മെന്റ് പ്രീണനം മൂലം നഷ്ടമാകാൻ പോകു ന്നത്. ഇവിടെ സാമൂഹ്യനീതി കുഴിച്ചുമൂടുകയാണ്. കഴിഞ്ഞ വർഷം സർക്കാ രുമായി ധാരണയുണ്ടാക്കിയത് 8 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുക ളാണ്. എന്നാൽ കരുണ മെഡിക്കൽ കോളേജും കണ്ണൂർ മെഡിക്കൽ കോളേ ജും കഴിഞ്ഞ വർഷം സ്വന്തം നിലയ്ക്കാണ് പ്രവേശനം നടത്തിയത്. സ്വന്തം നിലയിൽ പ്രവേശനം നടത്തിയ ഈ കോളേജുകളോട് പ്രോസ്പെക്ടസ്, പ്രവേശന ഷെഡ്യൂൾ, നിയമാവലി എന്നിവ ഹാജരാക്കാൻ ജെയിംസ് കമ്മിറ്റി പലതവണ നോട്ടീസ് അയച്ചെങ്കിലും ഒരു കടലാസ് വിലപോലും അതിന് മാനേജ്മെന്റ് കൽപ്പിച്ചില്ല. കർശന നടപടി സ്വീകരിക്കുമെന്നാണ് സർക്കാർ പറയുന്നത്. എം.എൽ.എ. മാരായ പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. എം.എ. ബേബി, ശ്രീ. എം. ഹംസ, ശ്രീ. എ. പ്രദീപ് കുമാർ എന്നീ അംഗങ്ങൾ ജെയിംസ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ഇന്നലെ ചോദ്യം ചോദിക്കുകയുണ്ടായി. ആ ചോദ്യം ഇങ്ങനെയാണ്, (എ) സ്വാശ്രയ മെഡിക്കൽ പ്രവേശന പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കേണ്ട ജെയിംസ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിലുത്തിയിട്ടുണ്ടോ; ഉത്തരം – ഉണ്ട്. (ബി) മെയ് 31–നകം പ്രവേശന പരീക്ഷ നടത്തണമെന്ന സുപ്രീം കോടതി നിർ ദ്ദേശം ലംഘിച്ച മാനേജ്മെന്റുകൾ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയെ സമീപിക്കുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടി

രുന്നോ: ഉത്തരം – ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (സി) മേൽനോട്ട സമിതിയെ നോക്കുകുത്തിയാക്കുന്ന മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കെതിരെ എന്ത് നടപടി എടുക്കുമെന്ന് അറിയിക്കാമോ; ഉത്തരം – നിലവിലുള്ള മേൽനോട്ട സമിതി മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെ നിയമാനുസരണം നിയന്ത്രിക്കുന്നുണ്ടെന്നാണ്. ഇവിടെ എന്ത് നിയന്ത്രണമാണുള്ളതെന്ന് മറുപടി പറയണം. (ഡി) വിദ്യാർത്ഥി താൽപ്പര്യം സംരക്ഷിക്കാൻ, ആരോഗ്യ–വിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്താൻ ഈ കമ്മിറ്റി പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്താൻ തയ്യാറാകുമോ എന്ന ചോദ്യത്തിന് ഉത്തരം – ഇപ്പോഴത്തെ മേൽനോട്ട സമിതി നിയമാനുസരണം ശക്തമാകയാൽ പുന:സംഘടന പരിഗണനയിലില്ലെന്നാണ്. ഒന്നിനും കൊള്ളാത്തതും ഒന്നും ചെയ്യാത്തതുമായ കമ്മിറ്റി പുന:സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാകണം. ഈ സർക്കാരിന് വിദ്യാർത്ഥികളോടും സമൂഹത്തോടും ഒരുത്തരവാദിത്തവുമില്ല. സമൂഹത്തോട് ഉത്തരവാദിത്തവും പ്രതിബദ്ധതയുമുള്ള ഒരു സർക്കാർ അലോട്ട്മെന്റ് പ്രക്രിയ ആരംഭിക്കുന്നതിന് മാസങ്ങൾക്കുമുമ്പ് മാനേജ്മെന്റുകളുമായി ചർച്ച നടത്തി ധാരണയിലെത്തേണ്ടതല്ലേ. ഇവിടെ ബഹുമാന്യനായ മന്ത്രി, എത്ര ലാഘവത്തോടെയാണ് സെപ്റ്റംബർ വരെ അലോട്ട്മെന്റ് ഉണ്ടെന്നും അതുകൊണ്ട് പ്രശ്നമില്ലെന്നും പറഞ്ഞത്. ഇവിടെ അലോട്ട്മെന്റിന്റെ വിജ്ഞാപനമിറക്കി. ആ ഗവൺമെന്റ് വിജ്ഞാപനത്തിൽ, 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, കൊച്ചി മെഡിക്കൽ കോളേജ്, പരിയാരം മെഡിക്കൽ കോളേജ്, കൂടാതെ കത്തോലിക്ക മാനേജ്മെന്റിന് കീഴിലുള്ള 4 മെഡിക്കൽ കോളേജുകൾ എന്നിവ സർക്കാരുമായി ധാരണയുണ്ടാക്കിയിട്ടുണ്ടെങ്കിൽ ഈ പറയുന്ന 675 സീറ്റ് നഷ്ടമാകുമോ? ഇതാണ് ഇവി

ടത്തെ സാഹചര്യം. കഴിഞ്ഞ ജനുവരിമുതൽ അതിന് അവസരമുണ്ടായിട്ടില്ലേ? മേയ് മാസം ആദ്യവാരത്തിൽ പേരിനൊരു ചർച്ച നടത്തിയെന്ന കാര്യം വ്യക്തമാണ്. ഈ സർക്കാർ വിദ്യാർത്ഥികളുടെ പക്ഷത്തല്ല, ലാഭത്തിന്റെ കഴുകൻ കണ്ണുമായ് മെഡിക്കൽ മേഖലയിൽ വട്ടമിട്ട് പറക്കുന്ന കച്ചവട മാനേജ്മെന്റുകൾക്ക് ഒപ്പമാണെന്ന് സംശയാതീതമായി തെളിയിച്ചിരിക്കുകയാണ്. നിലവിൽ പ്രവേശന കമ്മീഷൻ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ 4 സ്വാശ്രയ മെഡിക്കൽ കോളേജുകളും കത്തോലിക്ക മാനേജ്മെന്റുകളും 50 ശതമാനം ഗവൺമെന്റ് സീറ്റിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അത് 4 ലക്ഷം രൂപയാണ്. കത്തോലിക്ക മാനേജ്മെന്റ് കോളേജുകൾ പ്രതിവർഷം ഈടാക്കുന്ന 4 ലക്ഷം രൂപയായ ഭീമൻ ഫീസ് 12 സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും ഈടാക്കാൻ ഈ ഗവൺമെന്റ് ബോധപൂർവ്വം സാഹചര്യം സൃഷ്ടിക്കുകാണ്. ഇതൊരൊത്തുകളിയും മനേജ്മെന്റ് പ്രീണനവുമാണ്. ചരിത്രത്തിൽ ആദ്യമായി കുറഞ്ഞ ഫീസിൽ, പ്രതിഭകളായിട്ടുള്ള ഉയർന്ന റാങ്കുകാരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്. മുൻവർഷത്തെ നിരവധി അനുഭവങ്ങൾ നമ്മുടെ മുമ്പിലുള്ളത് മനസ്സിലാക്കണം. സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ധാരണയാകാതെ അലോട്ട്മെന്റ് പ്രക്രിയ എന്തിനാണ് ആരംഭിച്ചത്? കഴിഞ്ഞ വർഷം പി.ജി. സീറ്റിന്റെ പ്രശ്നം വന്നു. അന്ന് അതിനെതിരെ എസ്.എഫ്.ഐ. ശക്തമായ സമരവുമയി വന്നു. സഭയിൽ അടിയന്തരപ്രമേയം വന്നപ്പോൾ, മറുപടിയായി ധനകാര്യ വകുപ്പുമന്ത്രി മാണിസാർ പറഞ്ഞത്, ഇത്തവണ ധാരണയായില്ലേ; അടുത്ത തവണ അത് മാറ്റാമെന്നാണ്. അപ്പോഴാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. പി.കെ. അബ്ദു റബ്ബിന്റെ മകൻ ആ

കോളേജിൽ പി.ജി.-ക്ക് അഡ്മിഷൻ തേടിയിട്ടുണ്ടെന്ന വാർത്ത പുറത്തു വന്നത്.

ഈ സഭയിലത് ഉയർത്തിക്കൊണ്ടുവന്നു. സഭയിൽ ഒച്ചപ്പാടുണ്ടായപ്പോൾ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി, 'ആ സീറ്റിൽ എന്റെ മകൻ പഠിക്കില്ല, ആ സീറ്റ് ഉപേക്ഷിക്കുന്നു'വെന്ന് പറഞ്ഞു. എന്നിട്ട് ഉപേക്ഷിക്കാൻ തയ്യാറായോ; വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മകൻ, ആ കോളേജിൽത്തന്നെയല്ലേ ഇപ്പോഴും പഠിക്കുന്നത്? ഞാൻ ചോദിക്കട്ടെ, മാനേജ്മെന്റുകളുമായി ചർച്ച നടത്തി ധാരണയുണ്ടാക്കിയതിനുശേഷം അലോട്ട്മെന്റ് തുടങ്ങിയാൽപ്പോരേ, എന്തിനാണ് ഈ ധൃതി? ചില കാര്യങ്ങളിൽ ഈ സർക്കാരിന് ഭയങ്കര ധൃതിയാണ്. അതാരുടെ കാര്യത്തിലാണ്, മിടുക്കന്മാരായ വിദ്യാർത്ഥികളുടെ കാര്യത്തിലാണോ, അവശതയനുഭവിക്കുന്ന ജനങ്ങളുടെ കാര്യത്തിനാണോ, അല്ല, പണം വാങ്ങുന്ന കച്ചവട മാനേജ്മെന്റുകളെയും ഇങ്ങനെ ഈ വിദ്യാർത്ഥികളെ കൊള്ളയടിക്കുകയും ചൂക്ഷണം ചെയ്യുകയുംചെയ്യുന്ന മനേജ്മെന്റുകളെ സഹായിക്കുന്ന കാര്യത്തിലും ഈ സർക്കാർ അതിവേഗം ബഹുദൂരമാണ്.

മി. സ്പീക്കർ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നിലവിലുള്ള കോടതിവിധിപ്രകാരം മാനേജ്മെന്റുകളെ സർക്കാരിന് നിയന്ത്രിക്കാൻ കഴിയുമോ?

മി. സ്പീക്കർ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സര്‍, ഇത് പ്രധാനപ്പെട്ട വിഷയമാണ്. ആയിരക്കണക്കിന് വിദ്യാര്‍ത്ഥികളുടെ കണ്ണുകളില്‍നിന്ന് കണ്ണുനീരല്ല, ചോരത്തുള്ളിയാണ് ഇറ്റുവീഴുന്നത്.

മി. സ്പീക്കര്‍: യെസ്.. പ്ലീസ് കണ്‍ക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സര്‍, അങ്ങ് മനസ്സിലാക്കണം. ഈ നാടിന്റെ വികാരമാണ്. അതുകൊണ്ട് 2 മിനിട്ടുകൂടി സമയം അനുവദിക്കണം.

മി. സ്പീക്കര്‍: നോ. നോ പ്ലീസ് കണ്‍ക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സര്‍, എല്‍.ഡി.എഫ്. സര്‍ക്കാറിന്റെ കാലത്ത് കൊണ്ടുവന്ന നിയമം വേറെ പലകാര്യങ്ങളിലും സ്ട്രൈക്ക് ഡൗണ്‍ ചെയ്തിട്ടും ഫീസിന്റെയും പ്രവേശനത്തിന്റെയും കാര്യത്തില്‍ ഇപ്പോഴും സര്‍ക്കാരിന് അധികാരമുണ്ട്, അതുകൊണ്ട് ആ അധികാരം ഉപയോഗിക്കണം. ജെയിംസ് കമ്മിറ്റിയെ നോക്കുകുത്തിയാക്കരുത്.

മി. സ്പീക്കര്‍: മൈക്ക് ഓഫ് ചെയ്യിക്കരുത്, പ്ലീസ് കണ്‍ക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സര്‍, ജെയിംസ് കമ്മിറ്റിയുടെ പല്ലും നഖവും ഈ സര്‍ക്കാര്‍ തല്ലിക്കൊഴിച്ചിരിക്കുകയാണ്.

മി. സ്പീക്കര്‍: പ്ലീസ് കണ്‍ക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സര്‍, ഒന്നിനുംകൊള്ളാത്ത ഒന്നും ചെയ്യാന്‍ കഴിയാത്ത കമ്മിറ്റിയായി ഈ കമ്മിറ്റി മാറിയിരിക്കുകയാണ്. അതുകൊണ്ട് മെഡിക്കല്‍ പ്രവേശനം പ്രതീക്ഷയോടെ കാത്തുനില്‍ക്കുന്ന ഉയര്‍ന്ന റാങ്കുകാരായ വിദ്യാര്‍ത്ഥികളുടെ അവസരങ്ങളുടെ വാതിലുകള്‍ കൊട്ടിയടയ്ക്കരുത്. വിദ്യാര്‍ത്ഥികളുടെയും രക്ഷകര്‍ത്താക്കളുടെയും ആശങ്കകള്‍ മുഖവിലയ്ക്കെടുത്ത മാനേജ്മെന്റുകളുടെ മുമ്പില്‍ തലകുനിക്കാതെ ആര്‍ജ്ജ

വത്തോടെ ഈ നാട്ടിലെ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം.

<u>മി. സ്പീക്കർ</u>: യെസ്. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, 675 മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടാനിടയായ സാഹചര്യം ഗുരുതരമായ സ്ഥിതിവിശേഷമാണ്. അതുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

<u>മി. സ്പീക്കർ</u>: ഞാനൊരുകാര്യം അംഗങ്ങളോടും മന്ത്രിമാരോടുമായി പറയുന്നു, എല്ലാപേർക്കും ആവശ്യംപോലെ സമയം അനുവദിച്ചിട്ട് ഇന്നലെ 5.30 മണിയായപ്പോൾ ചെയറിന്റെ കുഴപ്പം കൊണ്ടാണ് ഇത്രയും താമസിച്ചതെന്ന് ഇവിടെ പറഞ്ഞു. ചില അംഗങ്ങൾക്ക് സഭാനടപടികൾ 1.30 മണിക്ക് അവസാനിപ്പിക്കണമെന്നാണ്. അതുകൊണ്ട് വളരെ സ്ട്രിക്റ്റായി പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, ആവശ്യമുള്ള സമയംമാത്രമെടുത്ത് മറുപടി പറയേണ്ടതാണ്. അല്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ)</u>: സർ, ഈ ഗവൺമെന്റിന് മാനേജുമെന്റുകളുമായി ഒരു പ്രീണനനയവുമില്ല. ഉണ്ടായിരുന്നെങ്കിൽ ഇതിനുമുമ്പുതന്നെ എഗ്രിമെന്റ് ഒപ്പുവയ്ക്കുമായിരുന്നു. ആദ്യം മുഖ്യമന്ത്രി ചർച്ചയ്ക്ക് വിളിച്ചപ്പോൾ അവർ വന്നില്ല. രണ്ടാമത് സെക്രട്ടറിയും അതുകഴിഞ്ഞ് മുഖ്യമന്ത്രിയും പിന്നീട് ഞാൻ തന്നെ അവരെ ചർച്ചയ്ക്ക് വിളിക്കുകയുണ്ടായി. രണ്ടുമൂന്നുപ്രാവശ്യം ചർച്ചകൾ നടന്നുകഴിഞ്ഞു. ഇവിടെ യഥാർത്ഥത്തിൽ കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾക്ക് മെറിറ്റ് അടിസ്ഥാ

നത്തിൽ പഠിക്കാൻകഴിയുന്ന കൂടുതലായിട്ടുള്ള അവസരങ്ങൾ ഈ ഗവൺമെന്റ് ഉണ്ടാക്കികൊടുത്തുകൊണ്ടിരിക്കുകയാണ്. കാരണം ഇവിടെ നിലവിലുണ്ടായിരുന്ന കോളേജുകൾക്കുപരിയായി മഞ്ചേരി മെഡിക്കൽ കോളേജിൽ 100 സീറ്റുകൾ കൂടുതൽ വന്നു, എറണാകുളം മെഡിക്കൽകോളേജ് ഏറ്റെടുത്തതിലൂടെയും 100 സീറ്റുകൾ അധികം വന്നു. അതുപോലെ തന്നെ മറ്റ് മെഡിക്കൽ കോളേജുകൾ നമ്മൾ ആരംഭിക്കാൻ പോകുന്നു. ഈ വർഷംതന്നെ 1100 മെറിറ്റ് സീറ്റുകളിൽ ഗവൺമെന്റ് തലത്തിൽ അഡ്മിഷൻ നടക്കുന്നു. അതോടൊപ്പംതന്നെ സ്വാശ്രയമേഖലയിലുള്ള ക്രിസ്ത്യൻ മാനേജുമെന്റിന്റെ കീഴിലുള്ള 4 കോളേജുകളിലുള്ള 400 സീറ്റുകളിൽ 200 സീറ്റുകളിൽ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടക്കുകയാണ്. അങ്ങനെ പരിയാരം ഉൾപ്പെടെ 12 കോളേജുകളിലാണ് കൗൺസിലിംഗിന് ഇപ്പോൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അങ്ങനെ കുട്ടികൾക്ക് മെരിറ്റ് സീറ്റിൽ പഠിക്കുന്നതിനുവേണ്ടിയുള്ള ധാരാളം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ മൂന്ന് വർഷക്കാലവും സ്വാശ്രയമേഖലയിൽ യാതൊരു പ്രശ്നങ്ങളുമില്ലാതെ മെറിറ്റടിസ്ഥാനത്തിൽ പഠിക്കാൻ കഴിവുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ച് ഫീസുകൾ പിടിച്ചുനിർത്തിക്കൊണ്ട് മുന്നോട്ടു പോകുന്ന സമീപനമാണ് ഗവണമെന്റ് എടുത്തിട്ടുള്ളത്. അതോടൊപ്പംതന്നെ ക്രിസ്ത്യൻ മാനേജ്മെന്റുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർക്കു തോന്നിയതുപോലെ അഡ്മിഷൻ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കോടിക്കണക്കിന് രൂപ വാങ്ങി അഡ്മിഷൻ നടത്തിയിരുന്ന സാഹചര്യമായിരുന്നു ഉണ്ടുയിരുന്നതൊന്നാണ് പറയപ്പെടുന്നത്. പക്ഷെ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവരുമായി കരാറിലേർപ്പെടുകയും അവ

രുടെ 50% സീറ്റ് മെരിറ്റടിസ്ഥാനത്തിൽ കുട്ടികൾക്ക് പഠിക്കുന്നതിനുവേണ്ടിയുള്ള അവസരമുണ്ടാക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ഇവിടെ പ്രൈവറ്റ് കോളേജുകളെക്കുറിച്ച് പറഞ്ഞാൽ ഫീസ് അവർക്ക് തോന്നിയപ്പോലെ വാങ്ങിക്കൊണ്ടിരുന്നു. 4 ലക്ഷം രൂപയായി മെരിറ്റ് സീറ്റിനും മാനേജ്മെന്റ് സീറ്റിനും ഒരുപോലെ ഫീസ് തീരുമാനിച്ചുകൊണ്ടാണ് ക്രിസ്ത്യൻ മാനേജുമെന്റുകൾ അഡ്മിഷൻ നടത്തിക്കൊണ്ടിരുന്നത്. മെരിറ്റിൽ ഒരു സീറ്റും ലഭിക്കില്ലായിരുന്നു. 100% സീറ്റുകളിലും അവർ തോന്നിയപോലെയാതൊരു മാനദണ്ഡവുമില്ലാതെ ഫീസ് വാങ്ങി അഡ്മിഷൻ നടത്തുമായിരുന്നു. ഒരുവിധ നടപടിക്രമങ്ങളുമില്ലായിരുന്നു. ഗവൺമെന്റ് വന്ന് ആ മേഖലയിൽ 50% സീറ്റ് മെരിറ്റ് സീറ്റുകളാക്കുകയും ഏകീകരിച്ചുകൊണ്ടുള്ള ഒരു ഫീസ് സംവിധാനം നടപ്പാക്കുകയും ചെയ്തു. ഇവിടെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളുടെ കാര്യം പറഞ്ഞു. കേരളത്തിലെ 12 പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ, കണ്ണൂർ മെഡിക്കൽ കോളേജും പാലക്കാട് കരുണാ മെഡിക്കൽ കോളേജും ഈ എഗ്രിമെന്റിൽ ഉൾപ്പെടാതെ അവർക്ക് തോന്നിയപോലെ അഡ്മിഷൻ നടത്തുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് കർശനമായ നടപടി അക്കാര്യത്തിലെടുത്തു. ഹെൽത്ത് യൂണിവേഴ്സിറ്റിയും നടപടിയെടുത്തിരുന്നു. കൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് സംസ്ഥാന ഗവൺമെന്റ് പരാതി കൊടുത്തിട്ടുമുണ്ട്. തുടർന്ന് അവർ ഹൈക്കോടതിയെ സമീപിച്ചു. കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. 12 മെഡിക്കൽ കോളേജുകിൽപ്പെട്ട എം.ഇ.എസ്. മെഡിക്കൽ കോളേജ് എല്ലാ സീറ്റുകളിലും അഡ്മിഷൻ നടത്തുമെന്നൊരു പത്രപ്രസ്താവന കണ്ടിരുന്നു, ഗവൺമെന്റിനോട് പറഞ്ഞിട്ടില്ല. സുപ്രീംകോടതി വിധിയ

നുസരിച്ച് മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനായി ഈ സ്ഥാപനത്തെ പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ട് 100 സീറ്റുകളിലും അഡ്മിഷൻ നടത്താനുള്ള അവകാശമുണ്ടെന്നും 75 സീറ്റ് കമ്മ്യൂണിറ്റി ലിസ്റ്റിൽനിന്നും 25 സീറ്റ് ഓപ്പൺ ലിസ്റ്റിൽനിന്നും അഡ്മിഷൻ നടത്തുമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. അവരടക്കമുള്ള ആളുകളെ ചർച്ചയ്ക്കുവിളിച്ചിട്ടില്ല. ബാക്കി 10 കോളേജുകളിലെ മാനേജ്മെന്റിനെ ഗവൺമെന്റ് ഫെബ്രുവരി 10-ാം തീയതി ചർച്ചയ്ക്കുവിളിച്ചു. സെപ്റ്റംബർ 30 വരെ ഇവിടെ അഡ്മിഷനുവേണ്ടുന്ന അവസരമുണ്ട്. മേയ് ആദ്യവാരം ചർച്ചയ്ക്ക് വിളിച്ചിരുന്നു. 26-05-20014-ൽ മുഖ്യമന്ത്രി നേരിട്ട് വിളിച്ച ചർച്ചയിൽ സീറ്റ് നൽകില്ലായെന്ന് അവർ പറഞ്ഞിട്ടില്ല, 50% സീറ്റ് അവർ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ ഫീസ് വർദ്ധന ആവശ്യപ്പെട്ടപ്പോൾ ഓരോ വർഷവും 10% ഫീസ് വർദ്ധനകൊണ്ടുവരുന്നുണ്ടെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. സ്വാഭാവികമായും കോളേജുകൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ട് പറഞ്ഞപ്പോൾ 10 ശതമാനത്തിലപ്പുറം ഫീസ് മെരിറ്റ് സീറ്റുകൾക്ക് കൂട്ടികൊടുക്കുന്നത് ഒരു സാഹചര്യത്തിലും അംഗീകരിക്കില്ലെന്നാണ് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. അങ്ങനെയല്ലായിരുന്നുവെങ്കിൽ അവർ അപ്പോൾതന്നെ എഗ്രിമെന്റ് വയ്ക്കുമായിരുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1,65,000/- രൂപ പറഞ്ഞിരുന്നു. അവർ ചോദിച്ച ഫീസ് അനുവദിച്ചുകൊടുത്തിരുന്നുവെങ്കിൽ എഗ്രിമെന്റ് വയ്ക്കുമായിരുന്നു. അതുകൊണ്ടാണ് ഗവൺമെന്റ് മെറിറ്റടിസ്ഥാനത്തിലുള്ള കുട്ടികൾക്ക് നിശ്ചിത ഫീസിൽ അഡ്മിഷൻ നടത്തണമെന്നാവശ്യപ്പെട്ടത്.

ചർച്ചയ്ക്കുവന്നപ്പോൾ മാനേജുമെന്റുകൾ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യ മുണ്ട്. 50% മാനേജ്മെന്റ് സീറ്റിലേക്കും മെയ് മാസം 31-ാം തീയതിക്കുമുമ്പ് എക്സാം കണ്ടക്ട് ചെയ്യണമെന്നും ജൂൺമാസം 5-ാം തീയതിക്കകം റിസൾട്ട് പബ്ലിഷ് ചെയ്ത് അവിടെ അഡ്മിഷൻ നടത്തണമെന്നുമുള്ള സുപ്രീംകോടതി യുടെ നിർദ്ദേശം അവർക്ക് നടപ്പിലാക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാന ത്തിൽ അവർ സർക്കാരിനോട് റിക്വസ്റ്റ് ചെയ്തത് അവർക്ക് പാർലമെന്റ് ഇല ക്ഷനുമായി ബന്ധപ്പെട്ട് ഇലക്ഷൻ കോഡ് ഓഫ് കോണ്ടക്റ്റുള്ളതുകൊണ്ട് എം.സി.ഐ.യുടെ ആന്വൽ ഇൻസ്പെക്ഷൻ ഇവരുടെ ഒരു കോളേജിലും നട ന്നിട്ടില്ല. അതുകൊണ്ട് ആന്വലായുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട്, എൽ.ഒ.പി. കൊടുക്കാൻ കഴിയാതിരുന്നതുമൂലം അവർക്ക് ടെസ്റ്റ് നടത്താൻ കഴിഞ്ഞി ല്ലെന്ന് അവർ പറഞ്ഞിരുന്നു. അവരുടേതല്ലാത്ത കാരണംകൊണ്ട് നിർദ്ദിഷ്ട തീയതിക്കുമുമ്പ് പരീക്ഷ നടത്താൻ കഴിയാത്തതിനാൽ കോടതിയിൽ പോകാനുള്ള അവസരമുണ്ടായിരുന്നതുകൊണ്ട് അവർ കോടതിയിൽ പോകു ന്നുവെന്നാണറിയാൻ കഴിഞ്ഞത്. കോടതിയിൽപ്പോയി അവർക്ക് ടെസ്റ്റ് നട ത്താൻ കഴിയുന്നൊരു സാഹചര്യമുണ്ടാകണമെന്നവർ ആവശ്യപ്പെട്ടിരിക്കു ന്നു. അതനുസരിച്ച് എന്തുകാരണമായാലും ശരിതന്നെ ഈ ഗവൺമെന്റ് ഈ എഗ്രിമെന്റിലൊപ്പിടുകയും അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോ കുകയും ചെയ്യും. ഒരു സീറ്റും നഷ്ടപ്പെടില്ല, അതിലേക്കുവേണ്ടിയുള്ള നട പടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇപ്പോൾത്തന്നെ ഓരോ കോളേജുക ളിലും ചർച്ചകൾ നടത്തിയതിന്റെ പശ്ചാത്തലത്തിൽ ഈ മാസം സെപ്റ്റംബർ 30 വരെ സമയമുണ്ട്. ഈ മാസം 20-ാം തീയതിക്കുമുമ്പായി എഗ്രിമെന്റ് ഒപ്പിടണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ

ഇനിയും കൗൺസിലിംഗിനുള്ള അവസരമുണ്ട്. ഇനി രണ്ടുമൂന്ന് കൗൺസിലിംഗുകൾകൂടിയുണ്ട്. കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി 50% സീറ്റ് കൊടുക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ജെയിംസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ശക്തമായ നടപടികൾ ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കും. സുപ്രീം കോടതിയിൽനിന്ന് ഇവർക്ക് ടെസ്റ്റ് നടത്തുന്നതിനുള്ള അനുമതി കിട്ടിയില്ലെങ്കിൽ അവസാനം ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുക്കും. സംസ്ഥാനത്തെ എൻട്രൻസ് ലിസ്റ്റിൽനിന്നും സെൻട്രൽ എൻട്രൻസ് ലിസ്റ്റിൽനിന്നും മാത്രമേ അഡ്മിഷൻ നടത്തുന്നതിലേക്കുള്ള അനുവാദം സംസ്ഥാന ഗവൺമെന്റ് നൽകുകയുള്ളൂ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അപ്പോൾ അത്തരത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. സീറ്റുകൾ നഷ്ടപ്പെടുന്ന ഒരു സാഹചര്യവുമുണ്ടാകില്ല. .... (ബഹളം)

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് സംസാരിച്ചപ്പോൾ ആരും ഇടപെട്ടില്ല. നോ.. പ്ലീസ്... (ബഹളം) മൈക്ക് ഓഫ്... മിനിസ്റ്റർ കൺക്ലൂഡ് ചെയ്തോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അവർ ചോദിച്ചത് അംഗീകരിച്ചിരുന്നുവെങ്കിൽ ഇതിനുമുമ്പേ എഗ്രിമെന്റ് ഒപ്പുവയ്ക്കുമായിരുന്നു. 10,000 രൂപ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുപോലും നൽകാൻ പറ്റില്ലെന്നാണ് പറഞ്ഞത്. 1,65,000/- രൂപ വാങ്ങുന്നത് മെറിറ്റ് സീറ്റിലാണ്. കഴിഞ്ഞവർഷം കൂട്ടിയ

തുപോലെ 10% മാത്രമേ കൂട്ടിക്കൊടുക്കാൻ കഴിയുകയുള്ളൂവെന്നാണ് അവർ ഫീസ് വർദ്ധന ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ പറഞ്ഞത്. ചർച്ചയിൽ ഏകദേശ ധാരണയായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ ഉദാഹരണത്തിന് 1050 റാങ്കുകിട്ടിയ ഒരു വിദ്യാർത്ഥിക്ക് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടിയില്ലെങ്കിൽ സ്വാശ്രയ മെഡിക്കൽ കോളേജിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം കിട്ടാനർഹതയുള്ള വിദ്യാർത്ഥിയാണ്. അവർക്ക് ഈ ഓപ്ഷൻ കിട്ടുന്നില്ലെന്നുള്ളതാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. അതെങ്ങനെ പരിഹരിക്കും?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇപ്പോൾ ഓപ്ഷനുള്ള അവസരമുണ്ട്. അവസാനം സെപ്റ്റംബർ 30-ാം തീയതിവരെ മെറിറ്റിൽ ഇവിടെ ച്ചേർന്ന ഒരു കുട്ടിക്ക്, ഗവൺമെന്റ് കോളേജിൽ ചേർന്ന ആളിന് മാറാൻ സാധിക്കില്ല, പ്രൈവറ്റ് സ്വാശ്രയകോളേജുകളിലുള്ള കുട്ടികൾക്ക് ഓപ്ഷനുള്ള അവസരമുണ്ട്. ഈ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങളൊന്നും ശരിയല്ല, അതുകൊണ്ട് ഇക്കാര്യം സഭ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട യാതൊരു കാര്യവുമില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, എന്റെ മകൻ തൃശ്ശൂർ സ്വാശ്രയ മെഡിക്കൽ കോളേജിൽ ചേർന്നത് ഞാൻ മന്ത്രിയാകുന്നതിന് ഒരു മാസം മുമ്പാണ്. അവരുടെ മാനേജ്മെന്റ് സീറ്റിലാണ് അവൻ ചേർന്നത്. അത് നമ്മുടെ ഗവണ്മെന്റ് വന്ന സമയമായിരുന്നു. ഇവിടെ ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സ്വാശ്രയ മാനേജു

മെന്റുകളുമായി അന്ന് ഗവണ്മെന്റ് വ്യക്തമായ കരാറുകളുണ്ടാക്കാത്തതു കൊണ്ട് ഗവണ്മെന്റ് സീറ്റുമായി ബന്ധപ്പെട്ട് ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുമായി കേസ് നടക്കുകയായിരുന്നു. എന്റെ മകന് സീറ്റ് കൊടുത്തത് മാനേജ്മെന്റ് സീറ്റിലായിരുന്നു. സർക്കാർ സീറ്റ് തട്ടിയെടുത്തുവെന്നുപറഞ്ഞ് അസംബ്ലയിൽതന്നെ നിങ്ങൾ പല കോലാഹലങ്ങളുമുണ്ടാക്കി. ഞാൻ അന്ന് അതിന് മറുപടിയും പറഞ്ഞതാണ്. എന്റെ മകൻ ഇപ്പോൾ മൂന്നു വർഷം പൂർത്തിയാക്കി. ഈ മാസം പുറത്തുവരാൻ പോവുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

( അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ വിദ്യാഭ്യാസ മേഖല മൊത്തത്തിൽ കുളംതോണ്ടുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്ന് കഴിഞ്ഞ ദിവസവും സഭയിൽ ഞാൻ പറഞ്ഞതാണ്. പത്താം ക്ലാസ് പാസ്സായവർക്ക് യഥാസമയം എസ്.എസ്.എൽ. സി. ബുക്ക് നൽകാതിരുന്നതും പ്ലസ് വൺ പ്രവേശനം അലങ്കോലമായതും അഴിമതിക്കാരെയും വിദ്യാഭ്യാസ തട്ടിപ്പുകാരെയും സർവ്വകലാശാലകളുടെ തലപ്പത്ത് പ്രതിഷ്ഠിച്ചതും ഒക്കെ ഇവിടെ നേരത്തെ ഞാൻതന്നെ പറഞ്ഞിട്ടുള്ളതാണ്. ഈ കുത്തഴിഞ്ഞ സംവിധാനത്തിന്റെ മറ്റൊരു വശമാണ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾക്ക് കൊള്ള നടത്താൻ അവസരമൊരുക്കിയിരിക്കുന്നത്. ഇത് സർക്കാരിന്റെ പിടിപ്പുകേട് മാത്രമല്ല, സ്വാശ്രയ

വിദ്യാഭ്യാസ കച്ചവടക്കാർക്ക് ജനങ്ങളെ കൊള്ളയടിക്കാൻ സർക്കാർ കൂട്ടു നിൽക്കുന്നതിന്റെ തെളിവ് കൂടിയാണ്. പേരിന് ഒരു പ്രവേശന പരീക്ഷ പോലും നടത്താതെ മടിശ്ശീലയുടെ കനംമാത്രം മാനദണ്ഡമാക്കിയല്ലേ സ്വാശ്രയ മാനേജുമേന്റുകൾ മെഡിക്കൽ സീറ്റ് കച്ചവടം നടത്തുന്നത്. മണ്ടന്മാരായ വിദ്യാർത്ഥികളെപ്പോലും കാശിന്റെ ബലത്തിൽ ഇങ്ങനെ ഡോക്ടർമാരാക്കി വിട്ടിട്ട് ഈ സമൂഹത്തിന് എന്ത് പ്രയോജനമാണുണ്ടാവുക. ജനങ്ങളുടെ ആരോഗ്യം നിങ്ങൾ പന്താടുകയാണ്. ഈ മുഖ്യമന്ത്രിക്കോ സർക്കാരിനോ ഇതുവല്ലതും ചർച്ചചെയ്യാൻ സമയമുണ്ടോ? ഈ സർക്കാരിൽ എന്താണ് ഇപ്പോൾ നടക്കുന്നത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഭരണതലത്തിൽ നേതൃത്വം നൽകേണ്ട ഐ.എ.എസ്.കാർ രണ്ട് ചേരിയായിനിന്ന് പരസ്പരം പോർവിള് നടത്തുകയാണ്. ചീഫ് സെക്രട്ടറി ഒരു വഴിക്ക്, കുറേ ഐ.എ.എസ്.കാർ മറ്റൊരു വഴിക്ക്. മറ്റൊരുകൂട്ടം ഐ.എ.എസ്.കാരാകട്ടെ കുന്തംവിഴുങ്ങിയ മട്ടിൽ മിണ്ടാതേയുമിരിക്കുന്നു. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിൽ ഏതാണ്ട് മുഴുവൻ സമയവും ചർച്ച ചെയ്തത് ഐ.എ.എസ്.–കാരുടെ തമ്മിലടിയല്ലേ? കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ. നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ചും അവിഹിതമായും പ്രവർത്തിക്കുന്നവരെ സർക്കാർ സംരക്ഷിക്കുന്നതുകൊണ്ടല്ലേ ഇങ്ങനെയൊരു കലാപം ഉടലെടുത്തിരിക്കുന്നത്. ഇക്കാര്യം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതല്ലേ. ഐ.എ.എസുകാരുടെ പോർവിളികൂടി പരസ്യമായതോടുകൂടി ഭരണരംഗത്ത് സമ്പൂർണ്ണ അരാജകത്വമല്ലെ ഉണ്ടായിരിക്കുന്നത്. സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളെ വെള്ളവും വളവും നൽകി നട്ടുവളർത്തിയത് 2001–ൽ ശ്രീ. എ.

കെ. ആന്റണിയുടെ നേതൃത്വത്തിൽ വന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്തായിരുന്നില്ലേ? ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അതിനെ ബോൺവിറ്റയുമൊക്കെനൽകി നന്നായി വളർത്തി. ഇതിനെ നിയന്ത്രിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമ നടപടികൾപോലും അട്ടിമറിക്കാൻ ശ്രമിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. ഇന്നിപ്പോൾ ഭസ്മാസുരന് വരംകൊടുത്തതുപോലെയാണ്, സർക്കാരിനെപ്പോലും വിഴുങ്ങുന്ന നിലയിൽ സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകൾ തടിച്ചുകൊഴുത്തിരിക്കുകയാണ്. സർക്കാരിനെ വെല്ലുവിളിച്ചുകൊണ്ട് മാനേജുമെന്റുകൾ തോന്നിയതുപോലെ പ്രവേശനം നടത്തുകയും ഇഷ്ടംപോലെ കോഴയും ഫീസും വാങ്ങുകയും ചെയ്യുന്നു. ഇതു മാത്രമല്ല, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും ഭരണഘടന നൽകുന്ന സംവരണാനുകൂല്യങ്ങൾപോലും അട്ടിമറിക്കുകയും ചെയ്യുന്നു. ആ അർത്ഥത്തിൽ ഇക്കൂട്ടർ ഭരണഘടനാ ലംഘനമാണ് നടത്തുന്നത്. നഗ്നമായി ഇത്തരം ഭരണഘടനാ ലംഘനങ്ങൾ നടത്തുമ്പോൾ ഭരണഘടനാസ്ഥാപനമായ സർക്കാർ നോക്കുകുത്തിയായി നിൽക്കുകയും ഭരണഘടനാ ലംഘനത്തിന് കൂട്ടുനിൽക്കുകയും ചെയ്യുന്നു. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷംപോലും സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഈ സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്.അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജുമെന്റുകളുമായി സർക്കാരിന് ഇപ്പോഴും ഒരു തീരുമാനത്തിലെത്താൻ കഴിയാത്തത് സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഈ സ്വകാര്യ മാനേജുമെന്റുകളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് വിളിച്ചപ്പോൾ അവർ വരാൻ കൂട്ടാക്കിയില്ലയെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചിട്ട് വന്നില്ല, പിന്നീട് സെക്രട്ടറി വിളിച്ചു, മന്ത്രി വിളിച്ചു എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. സംസ്ഥാനത്തെ മുഖ്യമന്ത്രി വിളിച്ചാൽ ഒരു ചർച്ചയ്ക്ക് വരാൻ കൂട്ടാക്കാത്ത സ്വാശ്രയ മാനേജുമേന്റുകൾക്ക് ഇവിടെ എന്തും ചെയ്യാൻ കഴിയുമെന്നൊരവസ്ഥ നിലനിൽക്കുകയല്ലേ? സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുമ്പോൾ 12 കോളേജുകളെ ഒഴിവാക്കികൊണ്ട് അവശേഷിക്കുന്ന സർക്കാർ ഉടമസ്ഥതയിലും അതുപോലെ കത്തോലിക്ക സഭയുടെ നിയന്ത്രണത്തിലുള്ള കോളേജിലും പരിയാരം മെഡിക്കൽ കോളേജിലും മാത്രമായി 12 കോളേജുകളുടെ കാര്യം തീരുമാനിക്കുമ്പോൾ അവശേഷിക്കുന്ന 12 കോളേജുകൾക്ക് സർക്കാർ അറിഞ്ഞുകൊണ്ട് ബോധപൂർവ്വം സൗകര്യം അനുവദിച്ചുകൊടുക്കുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്? അതല്ലെങ്കിൽ അവരെക്കൂടി ഇതുമായി ബന്ധപ്പെട്ട കാർങ്ങൾ ചർച്ച ചെയ്യുന്നതിന് ഇത്ര കാലതാമസമുണ്ടാക്കിയതെന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതല്ലേ.

ഇവിടെ നടന്ന ചർച്ചയിൽനിന്നും ഒരു കാര്യം ബോധ്യമാണ്. കഴിഞ്ഞ ജനുവരി മാസം മുതൽ നോക്കിയാൽ, മെയ് മാസത്തിൽ ഒരു ചർച്ച

നടത്തിയതൊഴിച്ചാൽ, മെയ് 31-നകം പരീക്ഷ നടത്തണമെന്ന നിർദ്ദേശം പോലും നടപ്പാക്കാൻ കൂട്ടാക്കാതെ, ജെയിംസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതെ നിലനിൽക്കുന്ന അത്തരം മാനേജ്മെന്റുകളു മായി ആലോചിക്കാനും ചർച്ച ചെയ്യാനും അവരെ വരുതിക്ക് നിർത്താനും ഈ സർക്കാരിന് കഴിയാതെ പോകുന്നു എന്നതിന്റെ അർത്ഥം സ്വാശ്രയ മാനേജ്മെന്റുകൾ തന്നിഷ്ടംപോലെ ഇവിടെ അവരുടെ പ്രവേശനം നടത്തു മെന്നാണ്. ജൂൺ മാസം 25-ാം തീയതി കൗൺസിലിംഗ് ആരംഭിക്കുമെന്നും ഓപ്ഷന് പിന്നീട് അവസരം ഉണ്ടാകുമെന്നും പറഞ്ഞു. സെപ്റ്റംബർ മാസം വരെ ഓപ്ഷന് അവസരമുണ്ട്. 25-ാം തീയതിയിലെ കൗൺസിലിംഗിനെ തുടർന്ന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ചേർന്നാൽ ആ കോളേജുകളിൽ ഫീസ് അടയ്ക്കേണ്ടേ? ഫീസ് അടയ്ക്കുന്നവർക്ക് പിന്നീട് ഓപ്ഷൻ അനുസരിച്ച് സ്വാശ്രയ മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് മുൻഗണനാക്രമത്തിൽ പ്രവേശനം കിട്ടുമ്പോൾ അവർ നേരത്തെ ഒടുക്കിയ ഫീസ് തിരിച്ചു കിട്ടാൻ വ്യവസ്ഥ ചെയ്യുമോ? അവർക്ക് അതിനുള്ള സൗകര്യം കൊടുക്കുമോ? 12 കോളേജുകളിലെ 650-ൽപരം വരുന്ന സീറ്റുക ളുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ അവശേഷിക്കുമ്പോൾ ഓപ്ഷൻ ഉണ്ടെന്നും അത് സെപ്റ്റംബർ മാസം വരെ ഉണ്ടെന്നും പറയുന്നതിൽ എന്തർത്ഥമാണുള്ളത്. യഥാർത്ഥത്തിൽ സർക്കാർ ഇക്കാര്യത്തിൽ ഒളിച്ചുകളി നടത്തുകയാണ് എന്നുള്ളത് ഉറപ്പാണ്. സ്വാശ്രയ മെഡിക്കൽ കോളേജിലെ മാനേജ്മെന്റുകളുമായി ഒത്തുകളിച്ചുകൊണ്ട് അവർക്കാവശ്യമായ സൗകര്യ ങ്ങളനുവദിക്കാനും കത്തോലിക്കാ മാനേജ്മെന്റ് ഇപ്പോൾ ഈടാക്കുന്നതു പോലെ നാല് ലക്ഷം രൂപ വച്ച് തന്നെ ഈടാക്കാനാവശ്യമായ സംവിധാ

നവും സൗകര്യവും ഒരുക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്ന തെന്ന് മറുപടികളിൽ നിന്ന് വ്യക്തമാണ്. ഒഴിഞ്ഞുമാറിക്കൊണ്ട് എല്ലാ അർത്ഥത്തിലും അവർക്കനുകൂലമായ നിലപാട് സ്വീകരിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നാട്ടിലെ മുഴുവൻ രക്ഷകർത്തൃ സമൂഹവും വിദ്യാർത്ഥികളും വളരെ ആശങ്കയോടുകൂടിയാണ് മെഡിക്കൽ പ്രവേശനവു മായി ബന്ധപ്പെട്ട വിഷയങ്ങളെ നോക്കികാണുന്നതെന്ന അതീവ ഗൗരവമായ പ്രശ്നമാണ് ഈ സഭയുടെ മുൻപിൽ കൊണ്ടുവന്നിട്ടുള്ളത്. അത്തരം ഒരു വിഷയം അത് അർഹിക്കുന്ന വിധത്തിൽ ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ്: സർ, സ്വകാര്യ മേഖലയിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ വരുന്നതിനെ നാം ഒരു കാലഘട്ടത്തിൽ എതിർത്തിരുന്നു. ഇന്ന് അതൊരു യാഥാർത്ഥ്യമാണ്. നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞ സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് ഒരു നിയ ന്ത്രണമുണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം. ആ സാമൂഹ്യ നിയന്ത്രണ ത്തിന് വിധേയമാകാതെ യഥേഷ്ടം പ്രവേശനത്തിന് മുതിരുന്ന കോളേജു കളെ സംബന്ധിച്ചാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. 'മെഡിക്കൽ സീറ്റുകളിലേയ്ക്ക് സ്വാശ്രയ കോളേജുകളുടെ സ്വന്തം പ്രവേശനം' എന്ന തലക്കെട്ടിൽ മലയാള മനോരമ പത്രത്തിൽ കൊടുത്തിരിക്കുന്ന വാർത്തയിൽ

സുപ്രീം കോടതിയുടെ കേസ് കഴിഞ്ഞതിനുശേഷമാകാം ചർച്ചയെന്ന് സർക്കാർ ഒരു നിലപാടെടുത്തതായി പരാമർശിക്കുന്നു. കോളേജുകളിലെ മാനേജ്മെന്റ് സീറ്റിലേയ്ക്ക് പ്രവേശന പരീക്ഷ നടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റുകൾ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ തീരുമാനം വന്നതിനുശേഷം ചർച്ചയെക്കുറിച്ച് ആലോചിക്കാമെന്നാണ് സർക്കാരിന്റെ നിലപാട്. ചർച്ചയെക്കുറിച്ച് ആലോചിക്കാൻ സുപ്രീം കോടതിയുടെ വിധി വരട്ടെയെന്ന് സർക്കാർ നിലപാടെടുത്തപ്പോൾ 12 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളെ ഒഴിവാക്കിക്കൊണ്ട് മെറിറ്റ് സീറ്റിലേയ്ക്കുള്ള ഓപ്ഷൻ എൻട്രൻസ് കമ്മീഷണർ സ്വീകരിച്ചുതുടങ്ങി. ഇവിടെയാണ് പ്രശ്നം. 12 സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോജുകളെന്നു പറഞ്ഞാൽ ആറ് സർക്കാർ കോളേജുകൾക്ക് തുല്യമായ സീറ്റുകൾ നഷ്ടപ്പെടുകയാണ്. ഈ 12 കോളേജുകൾ ചേരുമ്പോൾ 1380 സീറ്റുകളാണാകുന്നത്. അതായത് 690 സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ എൻട്രൻസ് കമ്മീഷണർക്ക് അലോട്ട്മെന്റ് കൊടുക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. സംവരണ തത്വങ്ങൾ ലംഘിക്കപ്പെടുകയാണ്. സംവരണതത്വം കൂടാതെ ഇഷ്ടമുള്ള ഫീസിൽ സ്വന്തം നിലയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള ഒരു സ്വാതന്ത്ര്യം ഈ മാനേജ്മെന്റിന് ഉണ്ടാക്കിക്കൊടുത്തതെന്തുകൊണ്ടാണ്? സുപ്രീംകോടതിയുടെ കേസ് കഴിഞ്ഞുമാത്രമേ ചർച്ചയുള്ളൂ എന്ന നിലപാടെടുത്തുകൊണ്ട് സ്വന്തം നിലയ്ക്ക് മുഴുവൻ സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുവാൻ ഈ കോളേജുകൾക്ക് അവസരം ഒരുക്കിക്കൊടുത്തത് സർക്കാരിന്റെ പിടിപ്പുകേടാണ്. വലിയ പ്രക്ഷോഭങ്ങൾ കഴിഞ്ഞ നാളുകളിൽ ഈ സംസ്ഥാനത്തുണ്ടായതാണ്. ആ

പ്രക്ഷോഭത്തിന്റെ നാളുകളിലേയ്ക്ക് ഈ സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹത്തെ തള്ളിവിടുവാൻ സർക്കാർ ക്രൂരമായ നിസ്സംഗത പുലർത്തുന്നു. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, വിദേശത്ത് മൂന്ന് സ്കൂളുകൾ ഇപ്പോഴും ഞാൻ നടത്തിക്കൊണ്ടിരിക്കുകയാണ്. പതിനാലായിരം വിദ്യർത്ഥികളും ആയിരം അദ്ധ്യാപകരുമുണ്ട്. ഓരോ വർഷവും നൂറു കണക്കിന് വിദ്യാർത്ഥികളാണ് എന്റെ സ്കൂളിൽ നിന്ന് മാത്രം കർണ്ണാടകയിലേയ്ക്കും, ആന്ധ്രാപ്രദേശിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും വടക്കേ ഇന്ത്യയുടെ മരുഭൂമിയിൽ തലയുയർത്തി നിൽക്കുന്ന സ്വകാര്യ മെഡിക്കൽ കോളേജുകളിലേയ്ക്കും ഒഴുകിപ്പോകുന്നത്. ഇതിന് ഒരു തടയിടേണ്ട കാലം കഴിഞ്ഞില്ലേ. അതുകൊണ്ട് ആർക്കും എന്തും ചെയ്യാമെന്ന് പറയുന്നത് ശരിയല്ല. പരീക്ഷ നടത്തിയിട്ടില്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ്സിൽ എത്ര ശതമാനം മാർക്ക് വാങ്ങിയവർക്ക് നിങ്ങൾ അഡ്മിഷൻ കൊടുത്തു എന്നു ചോദിക്കാനുള്ള ഒരു തന്റേടം ഗവൺമെന്റ് കാണിക്കണം. പന്ത്രണ്ടാം ക്ലാസ്സിൽ ഡിസ്റ്റിംഗ്ഷൻ മാർക്കോ അതിനു മുകളിലോ കിട്ടയവർക്കോ ഫസ്റ്റ് ക്ലാസെങ്കിലും കിട്ടിയവർക്കോ അല്ലാതെ ആർക്കെങ്കിലും അതായത് 40 ശതമാനം മാർക്കുള്ളവർക്ക് അഡ്മിഷൻ കൊടുത്താൽ അതുചോദിക്കാൻ കഴിയാത്ത ഒരവസ്ഥ സൃഷ്ടിക്കരുത്. ലക്ഷ കണക്കിന് കോടി രൂപ നമ്മുടെ സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനങ്ങളി

ലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഒഴുകി പോയ തിന്റെ കണക്ക് നോക്കിയിട്ട് കാര്യമില്ല. വരും കാലങ്ങളിലെങ്കിലും പണം ഇത്തരത്തിൽ ഒഴുകിപ്പോകാതെ ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് പണം മുടക്കി ഇവിടെ തന്നെ പഠിക്കുന്നതിനുള്ള സൗകര്യം, പക്ഷെ അതിന്റെ മേൽ നിയന്ത്രണം ഉണ്ടായിരിക്കണം. വേണ്ടി വന്നാൽ സർവ്വ കക്ഷിയോഗം വിളിച്ചോ ഇപ്പുറത്തിരിക്കുന്നവരുമായി ആലോചിച്ചോ ഇതിനൊരു പരിഹാരം കണ്ടുപിടിക്കണം. ഈ അവസ്ഥ ഇങ്ങനെ മുന്നോട്ട് കൊണ്ടുപോകരുത്. നമുക്ക് കൂടിയാലോചിച്ച് ഇതിനൊരു വഴികണ്ടുപിടിക്കാൻ കഴിയില്ലേ. ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ അനുവദിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനു ശേഷം സഭയിൽ ഹാജരായി)